(ഡി) ഇക്കാര്യത്തിൽ മറ്റ് സംസ്ഥാന ഭക്ഷ്യ മന്ത്രിമാരിൽ നിന്നും എതിർപ്പൊന്നും ഉണ്ടായിരുന്നില്ല.

(ഇ) ഇക്കഴിഞ്ഞ ജനുവരി 31-ന് ബാംഗ്ലൂരിൽ വിളിച്ചു കൂട്ടിയ ദക്ഷിണമേഖലാ ഭക്ഷ്യ മന്ത്രിമാരുടെ സമ്മേളനത്തിൽ കേന്ദ്രം താഴെപറയുന്ന നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചിരുന്നു :

(i) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് നൽകുന്ന അരിയുടെ അളവ് പ്രതിമാസം 10 കിലോ എന്നത് 15 കിലോ ആയി വർദ്ധിപ്പിക്കുക അതോടൊപ്പം ദാരിദ്ര്യരേഖയ്ക്ക് മേലേയുള്ള കുടുംബങ്ങൾക്ക് ഇതിന് ആനുപാതികമായ (35%) കുറവ് വരുത്തുക.

(ii) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ വിഹിതം, ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്ക് കുറവ് വരുത്താതെ തന്നെ 15 കിലോ ആയി വർദ്ധിപ്പിക്കുക.

(iii) ദാരിദ്ര്യരേഖയ്ക്ക് മേലേയുള്ളവർക്ക് അരി നൽകുന്നത് പൂർണ്ണമായും നിറുത്തലാക്കി, താഴെയുള്ളവർക്ക് പ്രതിമാസം 20 കിലോ നല്കുക.

(iv) ദാരിദ്ര്യരേഖയ്ക്ക് മേലേയുള്ളവരെ പൊതുവിതരണത്തിൽ നിന്നും പൂർണ്ണമായി ഒഴിവാക്കി, കേന്ദ്രവില്പന വില വർദ്ധിപ്പിച്ച്, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് പ്രതിമാസം 25 കിലോ അരി നല്കുക.

(v) വില വർദ്ധിപ്പിക്കുന്നതിനുള്ള കേന്ദ്ര നിർദ്ദേശം ഇപ്രകാരമാണ് :

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കുള്ള അരി വില ഉപഭോക്താവിന് ഇപ്പോൾ കിലോയ്ക്ക് 4 രൂപ എന്നത് 6 രൂപയോ 6.50 രൂപയോ ആകും.

ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്ക് യഥാർത്ഥ വില (Economic cost)യോ മാർക്കറ്റു വിലയോ ഏതാണ് കുറവെന്നാൽ അത്.

ഇത് നടപ്പിലായാൽ ഉപഭോക്താവ് ഒരു കിലോ അരിക്ക് 12 രൂപയെങ്കിലും നൽകേണ്ടിവരും.

1999-2000-ാമാണ്ടിലെ പദ്ധതിക്കുവേണ്ടി വകയിരുത്തിയ തുക

25(*24) ശ്രീ. പാലോട് രവി :
ശ്രീ. പി. പി. തങ്കച്ചൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. എം. മുരളി :
ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) 1999-2000-ാമാണ്ടിലെ പദ്ധതിക്കുവേണ്ടി വകയിരുത്തിയ തുക എത്ര ; ഓരോ ഇനത്തിനും വേണ്ടി യഥാർത്ഥത്തിൽ ചെലവായ തുക ഓരോ ക്വാർട്ടറിലും എത്ര വീതമാണെന്നതിനെപ്പറ്റി ഗവൺമെന്റ് അവലോകനം ചെയ്തിട്ടുണ്ടോ ;

(ബി) ഈ അവലോകനങ്ങളിൽ ഓരോ ഇനത്തിനും വേണ്ടിയുള്ള പദ്ധതി ചെലവ് തൃപ്തികരമായിരിക്കുന്നോ ;

(സി) പദ്ധതി ചെലവ് കുറഞ്ഞതായി കണ്ടിട്ടുള്ള പക്ഷം അതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) 1999-2000-ാമാണ്ടിലെ പദ്ധതിക്കുവേണ്ടി വകയിരുത്തിയ തുക 3250 കോടി രൂപയാണ്. യഥാർത്ഥത്തിൽ ചെലവായ തുകയെപ്പറ്റി ഓരോ ക്വാർട്ടറിലും അവലോകനം ചെയ്തിട്ടുണ്ട്.

(ബി) തൃപ്തികരമായിരുന്നു.

(സി) ബാധകമല്ല.

റേഷൻ സംവിധാനം സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ നയം

26(*25) ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ സംവിധാനം സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ നിർദ്ദേശങ്ങൾ എന്തൊക്കെയാണ് ; റേഷൻ സബ്സിഡി നിർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇത് സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ നയം വ്യക്തമാക്കുമോ ;

(ബി) റേഷൻ കടകളിലൂടെ നൽകുന്ന മണ്ണെണ്ണയുടെ കോട്ടയിൽ കേന്ദ്രസർക്കാർ കുറവ് വരുത്തിയിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് നിർദ്ദേശങ്ങളും ഉത്തരവുകളും വെളിപ്പെടുത്തുമോ ;

(സി) റേഷൻ സബ്സിഡി നിർത്തലാക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നയം വ്യക്തമാക്കുമോ ;

(ഡി) ഇതു സംബന്ധിച്ച് കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരുമായി ആലോചിച്ചിട്ടുണ്ടോ ; എങ്കിൽ സർക്കാരിന്റെ അഭിപ്രായം വ്യക്തമാക്കുമോ ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) ഇക്കഴിഞ്ഞ ജനുവരി 31-ാം ബാംഗ്ലൂരിൽ ചേർന്ന ദക്ഷിണമേഖലാ ഭക്ഷ്യ മന്ത്രിമാരുടെ സമ്മേളനത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കേന്ദ്രം ഉന്നയിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly